(6 pages) Reg. No. : ..............................

**Code No. : 12926** **Sub. Code : J 1 MY 21**

U.G. (CBCS) DEGREE EXAMINATION,
APRIL 2017.

Second Semester

Part I — Malayalam

Paper II — GADYASAHITHIYAM

(For those who joined in July 2016 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. 'മതിലുകൾ' എന്ന നോവൽ രചിച്ചതാര്?

   (a) തകഴി (b) ബഷീർ

   (c) കേശവദേവ് (d) ഉറൂബ്

2. മനുഷ്യനും മൃഗവും തമ്മിലുള്ള വൈകാരികബന്ധം ചിത്രീകരിക്കുന്ന കഥയേത്?

   (a) ശബ്ദിക്കുന്ന കലപ്പ (b) നാട്ടുവെളിച്ചം

   (c) ആരാമം (d) വിശപ്പ്

3. 'വാധ്യാർക്കഥ'കളിലൂടെ പ്രശസ്തനായ ചെറുകഥാകൃത്ത്

   (a) പൊൻകുന്നം വർക്കി

   (b) എസ്.കെ. പൊറ്റെക്കാട്

   (c) കാരൂർ നീലകണ്ഠപ്പിള്ള

   (d) ടി. പത്മനാഭൻ

4. ബാല്യകാലസഖിയിലെ നായിക

   (a) സുഹ്റ (b) സാറാമ്മ

   (c) സൈനബ (d) കുഞ്ഞുപാത്തുമ്മ

5. 'ഇനിക്കു നിന്നെപ്പോലെ അവനും' - ആരുടെ വാക്കുകൾ?

   (a) കത്രിയുടെ (b) കണ്ണന്റെ

   (c) മറിയച്ചേട്ടത്തിയുടെ (d) അവുസേപ്പു ചേട്ടന്റെ

6. ആലാഹയുടെ പെൺമക്കൾ ആരുടെ കൃതി?

   (a) ബഷീർ (b) സാറാ ജോസഫ്

   (c) വി.ടി. ഭട്ടതിരിപ്പാട് (d) പി. വത്സല

7. വി.ടി. ഭട്ടതിരിപ്പാടിന്റെ പ്രസിദ്ധമായ നാടകമേത്?

   (a) കൂട്ടുകൃഷി

   (b) സമത്വവാദി

   (c) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

   (d) മുടിയനായ പുത്രൻ



Nesamony Memorial Christian College, Marthandam

8. മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയേത്?

(a) കാശിയാത്രാചരിത്രം

(b) വർത്തമാനപ്പുസ്തകം

(c) ബാലിദ്വീപ്

(d) അമേരിക്കയിലൂടെ

9. ഇംഗ്ലീഷിലെ ESSAY എന്ന പദത്തിനുപകരമായി മലയാളത്തിൽ ഉപയോഗിക്കുന്ന പദം

(a) ലേഖനം (b) ആത്മകഥ

(c) ഉപന്യാസം (d) ജീവചരിത്രം

10. നോബൽ സമ്മാനം നേടിയ സാഹിത്യകാരൻ

(a) ടാഗോർ (b) ടോൾസ്റ്റോയി

(c) ഷേക്സ്പിയർ (d) ബങ്കിം ചന്ദ്ര ചാറ്റർജി

## PART B — (5 × 5 = 25 marks)

രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) 'സുഹ്റായെ തൊട്ടിച്ചിരിക്കുന്നു എന്നും ഭാവിച്ചു കൊണ്ട് ആകാശത്തോടും ഭൂമിയോടുമായിട്ട്' - മജീദ് ഗംഭീര പ്രഖ്യാപനം നടത്തുവാനുള്ള കാരണമെന്ത്?

അല്ലെങ്കിൽ

(b) 'രാജകുമാരി പിച്ചിപ്പോയാൽ അതു കൊടിയ പാപമായിരിക്കും' - ആശയം വിശദമാക്കുക.



12. (a) 'കണ്ണന് അവരിൽ നിന്ന് നീതി കിട്ടിയില്ല' - സന്ദർഭം വിശദമാക്കുക.

അല്ലെങ്കിൽ

(b) ആ കൃഷിക്കാരന്റെ ജീവിതം ലക്ഷ്യമില്ലാത്ത കാറ്റുപോലെ നീങ്ങുകയാണെന്നു പറയുവാൻ കാരണമെന്ത്?

13. (a) അരനൂറ്റാണ്ടു മുമ്പു ജീവിച്ച ഒരപ്ഫൻ നമ്പൂതിരിയുടെ ജീവചരിത്രമോ ആത്മകഥയോ എഴുതുന്നതുപോലെ അത്ര എളുപ്പമുള്ള പണി വേറെയില്ലെന്നു വി.ടി. പറയുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) തന്റെ മുത്തശ്ശിമാരെ വി.ടി. എങ്ങനെ ഓർമ്മിക്കുന്നു?

14. (a) മലയാളത്തിലെ സഞ്ചാരസാഹിത്യകൃതികളെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) അമേരിക്കയിലെ ഒന്നാമത്തെ ആധുനികനഗരത്തെ വത്സല എങ്ങനെ വിവരിക്കുന്നു?

15. (a) ഗാന്ധിയും ടാഗോറും ഭാരതീയസംസ്കാരത്തിന്റെ യമുനയും ഗംഗയുമാണെന്ന് ഗുപ്തൻനായർ പറയുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) 'കുറെ കവിതകൾ എഴുതുവാൻ വേണ്ടിമാത്രം ജീവിച്ച ഒരാളായിരുന്നില്ല ടാഗോർ' എന്ന് ഗുപ്തൻനായർ പറയുന്നത് എന്തുകൊണ്ട്?



Nesamony Memorial Christian College, Marthandam

## PART C — (5 × 8 = 40 marks)

നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) '' 'ബാല്യകാലസഖി' ജീവിതത്തിൽ നിന്നും അടർത്തിയെടുത്ത ഒരേടാണ്'' എന്ന അഭിപ്രായം പരിശോധിക്കുക.

അല്ലെങ്കിൽ

(b) സഫലമാവാത്ത പ്രണയം 'ബാല്യകാലസഖി'യെ സുന്ദരമാക്കുന്നു - വിലയിരുത്തുക.

17. (a) സാറാ ജോസഫിന്റെ കഥകളുടെ സവിശേഷതകൾ വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ബലിമൃഗമാക്കപ്പെടുന്ന സീതയുടെ കഥയാണ് അശോക - വിലയിരുത്തുക.

18. (a) മലയാളത്തിലെ ഹൃദയഹാരിയായ ആത്മകഥകളിലൊന്നാണ് 'കണ്ണീരും കിനാവും' - പരിശോധിക്കുക.

അല്ലെങ്കിൽ

(b) കവിതയും തത്ത്വചിന്തയും ജീവിതവിമർശനവും നിറഞ്ഞ കൃതിയാണ് 'കണ്ണീരും കിനാവും' - ചർച്ചചെയ്യുക.



19. (a) വേറിട്ടു നിൽക്കുന്ന യാത്രാനുഭവകൃതിയാണ് വേറിട്ടൊരു അമേരിക്ക - വിലയിരുത്തുക.

അല്ലെങ്കിൽ

(b) യാത്ര പുതിയ വാതിലും ജനലും തുറന്നു തരുന്ന അനുഭവമാണെന്ന് പി വത്സല ബോധ്യപ്പെടുത്തുന്നു. - നിരൂപിക്കുക.

20. (a) തെളിഞ്ഞ ഭാഷ ഗുപ്തൻനായരുടെ ഉപന്യാസങ്ങളെ ആകർഷകമാക്കുന്നു - പരിശോധിക്കുക.

അല്ലെങ്കിൽ

(b) വിശ്വമഹാകവിയുടെ ജീവചരിത്രം ഗുപ്തൻനായർ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?

———————



Nesamony Memorial Christian College, Marthandam